# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6857 — 13.07.2012 ൽ മറുപടിക്ക്

## നേമം നിയോജക മണ്ഡലത്തിലെ ആശുപത്രികളിലെ ആശുപത്രിവികസന സമിതികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി. ശിവൻകുട്ടി | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) നേമം നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന പൂജപ്പുരയിലെ പഞ്ചകർമ്മ ആശുപത്രി, സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, ഐരാണിമുട്ടം ആശുപത്രി എന്നിവയിൽ ആശുപത്രി വികസന സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അവ നിലവിലുണ്ടോ;<br>(ബി) ഇല്ലെങ്കിൽ ആയവ എന്ന് രൂപീകരിക്കും എന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും | നേമം നിയോജക മണ്ഡലത്തിൽ ആയുർവ്വേദ കോളേജിനു കീഴിലുള്ള പൂജപ്പുര സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ആശുപത്രി വികസന സമിതിയുടെ ഒരു സബ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പൂജപ്പുര പഞ്ചകർമ്മ ആശുപത്രിയിൽ ആശുപത്രി വികസന സമിതി തിരുവനന്തപുരം ആയുർവ്വേദ കോളേജ് ആശുപത്രിയോട് ചേർന്നാണ് പ്രവർത്തിക്കുന്നത്. തിരുവനന്തപുരം ആയുർവ്വേദ കോളേജ് ആശുപത്രി, പൂജപ്പുര പഞ്ചകർമ്മ ആശുപത്രി, പൂജപ്പുര സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി എന്നീ ആശുപത്രികൾക്കും ആശുപത്രി വികസന സമിതികൾ രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഫണ്ടിന്റെ അപര്യാപ്തത മൂലം ഈ മൂന്ന് ആശുപത്രികൾക്കും കൂടി ഒറ്റ ആശുപത്രി വികസന സമിതി രൂപീകരിക്കുന്നതിനുള്ള ആയുർവ്വേദ വിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശ പരിശോധിച്ചു വരുന്നു. ഐരാണിമുട്ടം ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആശുപത്രി വികസന സമിതി നിലവിലുണ്ട്. |

(സി) പ്രസ്തുത ആശുപത്രി വികസന സമിതികളുടെ ഘടന വ്യക്തമാക്കുമോ?

(സി) തിരുവനന്തപുരം ആയുർവ്വേദ മെഡിക്കൽ കോളേജിലെ ആശുപത്രി വികസന സമിതിയിൽ ആയുർവ്വേദ വിദ്യാഭ്യാസ ഡയറക്ടർ ചെയർപേഴ്സണും പ്രിൻസിപ്പൽ - വൈസ് ചെയർപേഴ്സൺ, ലേ സെക്രട്ടറി ട്രഷററുമാണ്. തിരുവനന്തപുരം ഐരാണിമുട്ടം ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ കളക്ടർ ചെയർമാനും സൂപ്രണ്ട് സെക്രട്ടറിയും ലേ സെക്രട്ടറി ട്രഷററുമാണ്. ഈ രണ്ട് ആശുപത്രികളിലേയും ആശുപത്രി വികസന സമിതികളിൽ സ്ഥലം എം.പി. , സ്ഥലം എം.എൽ.എ., കോർപ്പറേഷൻ മേയർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്നിവരെ അനൗദ്യാഗിക അംഗങ്ങളായും ഉൾപ്പെടുത്തിയിട്ടുണ്ട്. പൂജപ്പുര സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ ആശുപത്രി വികസന സമിതി സബ് കമ്മിറ്റിയിൽ ആയുർവ്വേദ കോളേജ് പ്രിൻസിപ്പാൾ ചെയർമാനും ആശുപത്രി സൂപ്രണ്ട് കൺവീനറും സ്ഥലം എം.എൽ.എ.അംഗവുമാണ്.

സെക്ഷൻ ഓഫീസർ